**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 72 26/09/2011-ൽ മറുപടിയ്ക്ക്

## മാതൃകാ മത്സ്യഗ്രാമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ)<br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം ഗ്രാമങ്ങളാണ് മാതൃകാ മത്സ്യഗ്രാമങ്ങളായി പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കുമോ; | (എ)<br>കഴിഞ്ഞ സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള മത്സ്യഗ്രാമങ്ങൾ ചുവടെ ചേർക്കുന്നു.<br>വിഴിഞ്ഞം, പൂന്തുറ, അഞ്ച്തെങ്ങ്, പരവൂർ, തെക്കുംഭാഗം, തങ്കശ്ശേരി,പുത്തൻതുറ, പുറക്കാട്, കാട്ടൂർ, പന്ന്യത്തോട്,ചെല്ലാനം, തൃക്കുന്നപ്പുഴ, പള്ളിപ്പുറം, പെരിഞ്ഞനം, കൈപ്പമംഗലം, എടക്കഴിയൂർ, പുറത്തൂർ, താനൂർ,മാറാട്,പള്ളിക്കണ്ടി, ഏലത്തൂർ,ചാലിൻ ഗോപാലപ്പേട്ട, പുതിയങ്ങാടി, പൂഞ്ചാവി, കോയിപ്പാടി. |
| (ബി)<br>പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശയിൽ എത്ര ഗ്രാമങ്ങളെയാണ് മാതൃകാ മത്സ്യഗ്രാമങ്ങളാക്കി നിർദ്ദേശിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി)<br>പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശയിൽ മാതൃകാ മത്സ്യഗ്രാമങ്ങൾ, ഫിഷിംഗ് സ്കൂളുകൾ, മത്സ്യമാർക്കറ്റുകൾ, കുടിവെള്ളപദ്ധതികൾ എന്നിവയ്ക്കായി 280 കോടി രൂപ അനുവദിച്ചിട്ടുള്ളൂ. പതിനൊന്ന് ഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമങ്ങളാക്കി നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി)<br>ഇങ്ങനെ നിർദ്ദേശിക്കപ്പെട്ട മാതൃകാ മത്സ്യഗ്രാമങ്ങളിൽ നിന്നും ഏതെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (സി)<br>പ്രോജക്ട് പ്രൊപ്പോസലിൽ ഉണ്ട്. നിലവിൽ പതിനൊന്ന് മത്സ്യ ഗ്രാമങ്ങളെയാണ് നിർദ്ദേശിച്ചിട്ടുള്ളത്. മുൻ സർക്കാർ പരാമർശിച്ചിട്ടുള്ളതിൽപ്പെട്ട 4 മത്സ്യ ഗ്രാമങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.<br>1. പുത്തൻതുറ 2. ചെല്ലാനം 3. താനൂർ 4.മാറാട്. നിർദ്ദേശിച്ചിട്ടുള്ള മത്സ്യഗ്രാമങ്ങളിൽ ഏതെങ്കിലും ഒഴിവാക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

| | |
|---|---|
| (ഡി) മേൽപ്പറഞ്ഞ രീതിയിൽ മാതൃകാ മത്സ്യഗ്രാമങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുനഃസ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (ഡി) പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.